21 Thekkemadathil Rama Pattar Veeraraghava Ayyar of Pallissery Village—aged about 51.

22 Kocheri Ittiachan Joseph of Irinjalakuda, Pullur Village, Field Officer, Kodakara (Food)—aged about 30.

കൊച്ചിയിലെ വെറ്ററിനറിസ്റ്റോർ

*൭൪൩. (വ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വൈറ്ററിനറി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിലെ വൈറ്ററിനറിസ്റ്റോറിൽ അപഹരണമുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) തിരുവിതാംകൂറിൽ വെറ്ററിനറി സ്റ്റോറിൽ അപഹരണമുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ പരാതികളെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്): (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കയാണ്.

വെറ്ററിനറിയും മൃഗസംരക്ഷണവും വകുപ്പുകളുടെ സംയോജനം

*൭൪൪. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വെറ്ററിനറി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കൊച്ചിയിലേയും തിരുവിതാംകൂറിലേയും വെറ്ററിനറിയും മൃഗസംരക്ഷണവും വകുപ്പുകൾ സംയോജിപ്പിച്ച് ഒരു ഡിപ്പാർട്ടുമെൻറ് ആക്കുന്നതിനു, വല്ല proposals (നിർദ്ദേശവും) ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്): കൊച്ചിയിലേയും തിരുവിതാംകൂറിലേയും വെറ്ററിനറിയും മൃഗസംരക്ഷണവും വകുപ്പുകൾ സംയോജിപ്പിച്ച് ഒരു ഡിപ്പാർട്ടുമെൻറ് ആക്കിയിട്ടുണ്ട്.

ശ്രീ. പി. നാണു: സംസ്ഥാനത്തുള്ള ആനകളെ ചികിത്സിക്കുന്നതു ആരാണ്?

Sri. E. John Philipose: I take it that it will be by the Veterinary Department.

ശ്രീ. പി. നാണു: വെറ്ററിനറി ഡയറക്ടർ അടുത്തകാലത്തു മരാനയ്ക്ക് വെള്ളത്തുള്ളി കൊടുത്തതുമൂലം ആ ആന ചത്തുപോയി എന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: അതേപ്പറ്റി ഞാൻ അദ്ദേഹത്തോടു ചോദിക്കാം.

LIBRARY ARCHIVES Kerala Legislative Assembly